ഖുത്ബ
6.4.2007
ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

അധികാരി-4

# തിരഞ്ഞെടുപ്പ് ദുആയോടും നീതിയോടുംകൂടി നടത്തുക

**ഇ**ന്ന് ഞാൻ മാലിക്കിയ്യത്ത് എന്ന മഹനീയ ഗുണത്തെപ്പറ്റി പ്രതിപാദിക്കുന്ന ചില ഹദീസുകൾ കേൾപ്പിക്കുന്നതാണ്. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) പറയുന്നു: നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. നിങ്ങളെല്ലാം ഭരണകർത്താക്കളും തങ്ങളുടെ ഭരണീയരെപ്പറ്റി ചോദിക്കപ്പെടുന്നവരുമാണ്. ഇമാമും ഒരു ഭരണാധിപനാണ്. തന്റെ ഭരണീയരെപ്പറ്റി അദ്ദേഹം ചോദിക്കപ്പെടുകതന്നെ ചെയ്യും. പുരുഷൻ അവന്റെ കുടുംബത്തിന്റെ ഭരണകർത്താവും തന്റെ ഭരണീയരെ സംബന്ധിച്ച് ചോദിക്കപ്പെടുന്നവനുമാണ്. സ്ത്രീ ഭർത്തൃഭവനത്തിന്റെ സംരക്ഷകയും തന്റെ ഭവനവാസികളെപ്പറ്റി ചോദിക്കപ്പെടുന്നവളുമാണ്. ഭൃത്യൻ തന്റെ യജമാനന്റെ ധനം സംരക്ഷിക്കുന്നവനാണ്. (എന്തിനേറെ പറയുന്നു) നിങ്ങളേവരും ഭരണാധിപരും തങ്ങളുടെ ഭരണീയരെക്കുറിച്ച് ചോദിക്കപ്പെടുന്നവരുമാണ്. (ബുഖാരി, മുസ്ലിം)

ഈ ഹദീസിൽ നാല് തരം ആളുകളെ ഉപദേശിച്ചിരിക്കുകയാണ്. ഒന്ന് ഇമാം. അതായത് അദ്ദേഹം തന്റെ പ്രജകളെ നല്ലവണ്ണം നോക്കണം. ഒന്ന് കുടുംബനാഥൻ. അദ്ദേഹം തന്റെ ഭാര്യയുടേയും മക്കളുടേയും അല്ലെങ്കിൽ തന്റെ കുടുംബത്തിന്റേയും നേതാവാണ്. അതിന്റെ അടിസ്ഥാനത്തിൽ അവരെ നല്ലവണ്ണം നോക്കേണ്ടതാണ്. ഒന്ന് ഭാര്യ. അവർ അവരുടെ ഭർത്താവിന്റെ വീടിന്റേയും കുട്ടികളുടേയും മേൽനോട്ടക്കാരിയാണ്. അവരെ നല്ലവണ്ണം നോക്കേണ്ടതാണ്. ഒന്ന് ഭൃത്യൻ. അവൻ തന്റെ മുതലാളിയുടെ സ്വത്തിന്റെ മേൽനോട്ടക്കാരനാണ്. അവസാനം പറഞ്ഞു, ആരിലാണോ ഈ ഉത്തരവാദിത്തം ഏല്പിച്ചിരിക്കുന്നത് അവരെല്ലാം എല്ലാത്തിന്റേയും മാലിക്കാണ്. തങ്ങളെ ഈ ഉത്തരവാദിത്തം ഏല്പിച്ചിരിക്കുകയാണെന്ന് ഓർക്കേണ്ടതാണ്. ഏല്പിച്ച ഉത്തരവാദിത്തം ശരിയായ നിലയിൽ നിറവേറ്റിയോ എന്ന് അവൻ നിങ്ങളോട് ചോദിക്കുന്നതാണ്. ആ മാലിക്കിയൗമുദ്ദീന്റെ മുമ്പിൽ രക്ഷയും ശിക്ഷയും വിധിക്കുന്ന നാളിൽ ഇവരെല്ലാവരും മറുപടി പറയേണ്ടിവരും. അതുകൊണ്ട് ഇത് നിസ്സാരമായ ഒരു കാര്യമല്ല. രക്ഷാശിക്ഷയിൽ വിശ്വസിക്കുന്ന ഓരോരുത്തരുടേയും ഹൃദയം വിറകൊള്ളുന്നതാണ്.

ഒന്നാമതായി പറഞ്ഞത് ഇമാമിനോട് ചോദിക്കുമെന്നാണ്. ഇത് എന്റെ രോമം എഴുന്നുനില്ക്കുന്നപോലുള്ള കാര്യമാണ്. അതായത് അല്ലാഹു ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്തം നിറവേറ്റുന്നതിൽ അലസത ഉണ്ടാകാൻ പാടില്ല. ഈ ഉത്തരവാദിത്തം എന്തെങ്കിലും സാമർത്ഥ്യംകൊണ്ടോ അറിവുകൊണ്ടോ നിറവേറ്റാൻ സാധ്യമല്ല. ബുദ്ധികൊണ്ടും അത് നടക്കുകയില്ല. അല്ലാഹുവിന്റെ അനുഗ്രഹം ഒപ്പം ഇല്ലായെങ്കിൽ ഒരു ചുവടുപോലും മുന്നോട്ടുവയ്ക്കാൻ സാധ്യമല്ല. അല്ലാഹുവിന്റെ അനുഗ്രഹത്തെ ദുആ മുഖേന ആകർഷിച്ചെടുക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട് ഒന്നാമതായി ഞാൻ നിങ്ങളോട് അപേക്ഷിക്കുകയാണ്; ദുആ മുഖേന എന്നെ സഹായിക്കുക. ഞാൻ എപ്പോഴും നിങ്ങൾക്കായി ദുആ ചെയ്തുകൊണ്ടിരിക്കുന്നു. കാരണം ജമാഅത്തും ഖിലാഫത്തും വേർപിരിക്കാനാവാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു.

അല്ലാഹു എനിക്ക് അവൻ ആഗ്രഹിക്കുന്നതുപോലെ എന്റെ ചുമതലകൾ നിറവേറ്റാൻ ഭാഗ്യം നല്കുമാറാകട്ടെ. എല്ലാവരും കൂടിച്ചേർന്നുകൊണ്ട് അഹ്മദിയ്യാ ഖിലാഫത്തിനും കാലത്തിന്റെ ഖലീഫയ്ക്കും വേണ്ടി ദുആ ചെയ്യുകയാണെങ്കിൽ, അത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അനിതരസാധാരണമാംവിധം വലിച്ചുകൊണ്ടുവരുന്നതായിരിക്കും. കാരണം ഇമാമിന്റെയും ജമാഅത്തിന്റെയും ദുആകൾ ഒരു വഴിയിലൂടെയായിരിക്കും ചലിക്കുന്നത്. അങ്ങനെ വരുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ, അല്ലാഹുവിനോട് ചോദിച്ചുകൊണ്ടിരിക്കുകയായിരിക്കും ചെയ്യുന്നത്. ഒരേ വഴിയിലൂടെ ചലിച്ചുകൊണ്ടിരിക്കുമ്പോൾ, ദുആ ചെയ്യുന്നവരുടെ വഴിയും ഒരു ഭാഗത്തേക്ക് ചലിക്കുന്നതാണ്. തങ്ങൾ ദുആ ചെയ്തുകൊണ്ടിരിക്കുമ്പോൾ, തങ്ങളുടെ കർമ്മവും അല്ലാഹുവിന്റെ കല്പനകൾക്കനുസരിച്ചായിരിക്കണം എന്ന വിചാരവും അവർക്കുണ്ടാകുന്നു. കാലത്തിന്റെ ഖലീഫയുടേയും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയ്ക്കനു

സരിച്ച് നമുക്ക് മുന്നോട്ടു പോകേണ്ടതാണെന്ന് അവർ കരുതുന്നു. അല്ലെങ്കിൽ അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനയ്ക്കനുസരിച്ച് കാലത്തിന്റെ ഖലീഫ നമ്മെ കൊണ്ടുപോകാനാഗ്രഹിക്കുന്ന വഴിയിലൂടെ പോകണമെന്ന് കരുതുന്നു. ഈ ബോധത്തോടുകൂടി ദുആ ചെയ്തുകൊണ്ടിരുന്നാൽ, സ്വയം നന്നാക്കിത്തീർക്കാനുള്ള ഭാഗ്യവും അതിനോടൊപ്പം കിട്ടിക്കൊണ്ടിരിക്കും. മേൽനോട്ടം വഹിക്കുക എന്ന പ്രവൃത്തി ഇമാമിന് എളുപ്പമാകുകയും ചെയ്യും. ഇക്കാര്യം ഓരോ അഹ്മദിയും മനസ്സിലാക്കേണ്ടതാണ്. നീതി നിലനിറുത്തുകയും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയനുസരിച്ച് ജമാഅത്തിന്റെ ശിക്ഷണകാര്യത്തിലേക്ക് ശ്രദ്ധിക്കുകയും അവരുടെ ബുദ്ധിമുട്ടുകൾ അകറ്റാൻ ശ്രമിക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക എന്ന ഇമാമിന്റെ ഉത്തരവാദിത്തത്തോടൊപ്പം ജമാഅത്തംഗങ്ങൾക്കും തങ്ങൾക്ക് ഖിലാഫത്തിനോട് സ്നേഹമുണ്ടെങ്കിൽ തങ്ങൾ തങ്ങളുടെ അവസ്ഥകളെ നന്നാക്കേണ്ടവരാണെന്ന ബോധം ഉണ്ടായിരിക്കേണ്ടതാണ്. അത് പരിശോധിച്ചുകൊണ്ട് അല്ലാഹുവും അവന്റെ റസൂലും പറഞ്ഞതുപോലെ അല്ലെങ്കിൽ കാലത്തിന്റെ ഖലീഫ ആഗ്രഹിക്കുന്നതുപോലെ ജീവിതം നയിക്കാൻ ശ്രമിക്കേണ്ടതാണ്. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കുമ്പോൾ, തങ്ങൾക്ക് ദുഷ്പേരുണ്ടാകാതിരിക്കാൻ ചീത്തക്കാര്യങ്ങൾ ഉപേക്ഷിക്കാനും നല്ല കാര്യങ്ങൾ സ്വീകരിക്കാനും പറയേണ്ടതാണ്. മറ്റുള്ളവരുടെ മുമ്പിൽ നാണം കെടുത്തുന്ന പ്രവൃത്തികൾ ചെയ്യാതിരിക്കുക. ഈ വികാരം അവരിൽ ഉത്സാഹിപ്പിച്ചു നിറുത്തുക എന്നതും ഒരു നേതാവിന്റെ പ്രവർത്തനത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ ജമാഅത്തുമായി ബന്ധം വയ്ക്കുന്ന ഓരോരുത്തരും ഹദ്റത്ത് മസീഹ് മൗഊദു(അ)മായി തങ്ങളെ ബന്ധപ്പെടുത്തിയിട്ട്, ആ മഹാത്മാവിന് ചീത്തപ്പേരുണ്ടാക്കരുത് എന്ന കാര്യം ഓർമ്മവയ്ക്കുക.

ഇക്കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്നെയും പറഞ്ഞിട്ടുണ്ട്. വാക്കുകൾ വേറെയാണെങ്കിലും അതിന്റെ ആശയം ഞാൻ പറഞ്ഞതുതന്നെയാണ്.

ഇപ്രകാരം തന്നെ ഇമാമിന്റെ ഉത്തരവാദിത്തത്തെക്കുറിച്ചു പറയുമ്പോൾ മറ്റൊരു കാര്യംകൂടി ഞാൻ പറയട്ടെ. കാലത്തിന്റെ ഖലീഫയുടെ പ്രാതിനിധ്യത്തിൽ ജമാഅത്തുകളിൽ ഭാരവാഹികൾ നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. യഥാർത്ഥ നിലയിൽ നീതി നിലനിറുത്തിക്കൊണ്ട് പ്രവർത്തിക്കേണ്ടത് അവരുടേയും കടമയാണ്. ഏതെങ്കിലും സന്ദർഭത്തിൽ തന്നെയോ തന്റെ ബന്ധുക്കളേയോ എതിരായി ബാധിക്കുന്ന പ്രശ്നമുണ്ടായാലും അത് ഗൗനിക്കാതെ നിങ്ങളിലേല്പിക്കപ്പെട്ട ആ പ്രാതിനിധ്യത്തിന്റെ കടമ നിറവേറ്റുക; മേൽനോട്ടം നല്ലനിലയിൽ വഹിക്കുന്നതിൽ ഖലീഫയേയും സഹായിക്കുന്നതിനും രക്ഷാശിക്ഷയുടെ നാൾ അത് പ്രയോജനപ്പെടുന്നതിനും വേണ്ടി. ഓരോ ഭാരവാഹിയുടേയും പ്രവൃത്തി അവരെ ചോദിക്കപ്പെടുന്നതാക്കിത്തീർക്കുന്നു. ഓരോ ഭാരവാഹിയും തന്റെ പ്രവർത്തനപരിധിയിലുള്ളവരെക്കുറിച്ച് മറുപടി പറയേണ്ടതാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ ഖലീഫയുടെ പ്രതിനിധി എന്ന നിലയിലും അവർ ഉത്തരവാദികളാണ്. അതുകൊണ്ട്, ഏതെങ്കിലും കാര്യത്തിൽ ഖലീഫയെ ഇരുട്ടിലാക്കാൻ കഴിയുമെന്ന് നിങ്ങൾ ചിന്തിക്കരുത്. ഇരുട്ടിലാക്കാൻ കഴിയുമെന്നത് ശരിതന്നെ. പക്ഷേ, രക്ഷാശിക്ഷയുടെ നാളിന്റെ അധികാരിയായ അല്ലാഹുവിനെ ഇരുട്ടിലാക്കാൻ സാധ്യമല്ല. അതിനാൽ ഓരോ ഭാരവാഹിക്കും ഇരട്ട ചുമതലയാണുള്ളത്. അവർ എപ്പോഴും ഇക്കാര്യം ഓർത്തിരിക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ദുആ ഒന്നുമാത്രമാണ് നേരായ പാതയിൽ നയിക്കുന്നത്. അതിനു മാത്രമേ നേരായ പാതയിൽ നടത്താൻ കഴിയുകയുള്ളൂ. അതിനാൽ, നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ ദുആയോടുകൂടി നിറവേറ്റാൻ ശ്രമിക്കുക.

എന്നെ സംബന്ധിച്ചിടത്തോളം ഞാൻ എനിക്കുവേണ്ടി ദുആ ചെയ്യുന്നതിനോടൊപ്പം അല്ലാഹു ജമാഅത്തിന്റെ ഭാരവാഹികളെ നീതിയിൽ നിലനിറുത്തിക്കൊണ്ട് നേരായപാതയിലൂടെ നടത്തട്ടെയെന്ന് ദുആ ചെയ്യാറുമുണ്ട്. അവസാനം എന്നേയും ദോഷകരമായി ബാധിക്കുന്ന വിധത്തിലുള്ള പ്രവൃത്തികളൊന്നും ഇവരിൽനിന്നും സംഭവിക്കാതിരിക്കട്ടെ. ജമാഅത്തിനോടും ഞാൻ പറയട്ടെ, നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്തം ശരിയായ നിലയിൽ നിറവേറ്റുന്നില്ലെങ്കിൽ, ഭൃത്യൻ അധികാരിയുടെ മേൽനോട്ടക്കാരനാണ് എന്ന് ഹദീസിൽ വന്നതുപോലെ ഖലീഫ നിങ്ങളെ ഏല്പിച്ച ചുമതലകൾ നിങ്ങൾ ശരിയായി നിർവഹിക്കുന്നില്ലെങ്കിൽ, ആ സ്വത്ത് സംരക്ഷിക്കാത്തതിന് ശിക്ഷ കിട്ടുന്നതാണ്.

നിങ്ങളോട് ഖലീഫ അഭിപ്രായം ചോദിച്ചാൽ ശരിയായ നിലയിൽ അഭിപ്രായം പറയുന്നില്ലെങ്കിൽ നിങ്ങൾ വഞ്ചനയ്ക്ക് വശംവദരായിരിക്കും. നീതിയോടെ പ്രവൃത്തിച്ചുകൊണ്ട്, ഓരോ സ്ഥാനത്തേക്കും അതിന്നർഹരായവരെ തിരഞ്ഞെടുക്കുന്നില്ലെങ്കിൽ, വ്യക്തിബന്ധവും കുടുംബബന്ധവും സാഹോദര്യവും തടസ്സമായി വരികയാണെങ്കിൽ

അല്ലാഹുവിന്റെ '***തുഅദ്ദുൽ അമാനാത്തി ഇലാ അഹ്‌ലിഹാ***' അമാനത്തുകൾ അവയുടെ അവകാശികൾക്ക് ഏല്പിക്കുക (4:59) എന്ന കല്പനയേയും ധിക്കരിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ തിരഞ്ഞെടുക്കുന്നത് എപ്പോഴും നീതിയോടുകൂടി പ്രവർത്തിക്കുന്നവരെയായിരിക്കണം. അതിൽ നിലകൊള്ളുന്നവരെയായിരിക്കണം. തീരുമാനമെടുക്കേണ്ട ഘട്ടം വരുമ്പോൾ നീതിയോടുകൂടി തീരുമാനമെടുക്കേണ്ടതാണ്. ഏല്പിക്കപ്പെട്ട ചുമതലകൾ, നീതിയോടുകൂടി നിർവഹിക്കുക. ഇല്ലെങ്കിൽ, ഇവിടെ രക്ഷപ്പെട്ടു, അവിടേയും രക്ഷപ്പെടാം എന്നു കരുതരുത്. രക്ഷാശിക്ഷയുടെ നാൾ നിങ്ങൾ ചോദ്യം ചെയ്യപ്പെടുമെന്ന് അല്ലാഹുവിന്റെ റസൂൽ പറയുന്നു. അർഹതപ്പെട്ടവരെ തിരഞ്ഞെടുക്കേണ്ടത് ജമാഅത്തിന്റേയും ബാധ്യതയാണ്. വ്യക്തിപരമായ ബന്ധത്തിനും സാഹോദര്യത്തിനും വിധേയരാകാൻ പാടില്ല. ഇപ്രകാരംതന്നെ, ഖലീഫയുടെ പ്രതിനിധി എന്ന നിലയിൽ ഭാരവാഹികൾക്കും ഒരുപാട് ഉത്തരവാദിത്തം ഉണ്ട്. ഞാൻ പറഞ്ഞതുപോലെ ജമാഅത്തംഗങ്ങൾക്കും വളരെ വലിയ ഉത്തരവാദിത്തമുണ്ട്. അവരെ വിശ്വസിച്ചുകൊണ്ട് നല്ല ഭാരവാഹികളെ തിരഞ്ഞെടുക്കാൻ ഏല്പിച്ചതാണ്. മാലിക്കിന്റെ സ്വത്തിന്റെ മേൽനോട്ടം ഇതുതന്നെയാണ്. ഓരോ ജമാഅത്തംഗത്തിനും നടപ്പിൽ വരുത്താൻ നല്കിയിരിക്കുന്ന അവകാശം അവർ നിറവേറ്റേണ്ടതാണ്.

ഈ വർഷം ജമാഅത്തിന്റെ തിരഞ്ഞെടുപ്പ് നടക്കുന്ന വർഷമാണ്. ചില സ്ഥലങ്ങളിൽനിന്ന് ചില പരാതികൾ ലഭിക്കുന്നുണ്ട്. എല്ലാ സ്ഥലത്തുനിന്നുമില്ല. അതുകൊണ്ട് ഞാനെന്റെ ചുമതല നിർവഹിച്ചുകൊണ്ട്, എവിടെയൊക്കെ ഞാൻ പറഞ്ഞതുപോലെയുള്ള അവസ്ഥയുണ്ടോ, അവിടുത്തുകാരോട് ഞാൻ പറയുകയാണ്, ഓരോ ജോലിയും ദുആയോടുകൂടി ചെയ്യുക. ദുആ ചെയ്തുകൊണ്ട്, നിങ്ങളുടെ ഭാരവാഹികളെ തിരഞ്ഞെടുക്കുക. എപ്പോഴും ദുആ മുഖേന നിങ്ങളുടെ ഭാരവാഹികളേയും എന്നേയും സഹായിക്കുക.

അല്ലാഹു എനിക്കും, നിങ്ങൾക്കുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കാൻ തൗഫീഖ് നല്കിക്കൊണ്ടിരിക്കുമാറാകട്ടെ. എന്നിൽ അർപ്പിതമായിരിക്കുന്ന പ്രവൃത്തി നല്ലരീതിയിൽ നടപ്പിൽ വരുത്താൻ അല്ലാഹു ഭാഗ്യം നല്കുമാറാകട്ടെ.

മറ്റൊരു പ്രധാന കാര്യത്തിലേക്ക് ക്ഷണിച്ചത്, കുടുംബനാഥനെക്കുറിച്ചാണ്. ഞാൻ പറഞ്ഞതുപോലെ ചില കുടുംബക്കാർ തങ്ങളുടേതായ കുടുംബനേതാവിനെ തിരഞ്ഞെടുത്തിട്ടുണ്ടാകും. തങ്ങളുടെ കുട്ടികളുടേയോ അല്ലെങ്കിൽ കുടുംബാംഗങ്ങളുടേയോ ശിക്ഷണകാര്യം അവരിൽ അർപ്പിതമാണ്. അവരുടെ പ്രവൃത്തി നല്ലതായിരിക്കേണ്ടതാണ്. ദീനുമായി ചേർന്നുവരുന്ന രീതിയിലുള്ള പെരുമാറ്റമാണ് അവരിൽനിന്നുണ്ടാവേണ്ടത്. നിസാമെ ജമാഅത്തുമായും നിസാമെ ഖിലാഫത്തുമായും സുദൃഢബന്ധമുണ്ടായിരിക്കണം. അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിലേക്ക് പൂർണ്ണ ശ്രദ്ധയും ശ്രമവും ഉണ്ടായിരിക്കേണ്ടതാണ്. എങ്കിൽ മാത്രമേ നിങ്ങളുടെ കീഴിലുള്ളവർക്ക് ശരിയായ നിലയിൽ ശിക്ഷണം നല്കാൻ സാധിക്കുകയുള്ളൂ. നമസ്കരിക്കുന്നവരാണെങ്കിൽ മാത്രമെ ഭാര്യയോടും മക്കളോടും നമസ്കരിക്കുക എന്നു പറയാൻ കഴിയുകയുള്ളൂ. നിസാമെ ജമാഅത്തിനെ ആദരിക്കുന്നവനാണെങ്കിൽ മാത്രമേ ഭാര്യയോടും മക്കളോടും മറ്റു കുടുംബാംഗങ്ങളോടും ജമാഅത്തിന്റെ നിസാമിനെക്കുറിച്ചു പറഞ്ഞുകൊടുക്കാൻ പറ്റുകയുള്ളൂ. ഖലീഫയുടെ വാക്കുകൾ കേൾക്കുകയും അദ്ദേഹത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നവനു മാത്രമേ, ഭാര്യയേയും മക്കളേയും മറ്റു കീഴിലുള്ളവരേയും അതിനായി ഉപദേശിക്കാൻ കഴിയുകയുള്ളൂ.

അതുകൊണ്ട് കുടുംബനാഥന് ഭാരിച്ച ഉത്തരവാദിത്തമാണുള്ളത്. ഇല്ലെങ്കിൽ രക്ഷാശിക്ഷയുടെ നാൾ മുന്നിൽ നില്ക്കുന്നു എന്ന കാര്യം ഓർക്കുക.

ഭർത്താവിന്റെ വീടിനേയും അദ്ദേഹത്തിന്റെ അന്തസ്സിനേയും അദ്ദേഹത്തിന്റെ സ്വത്തിനേയും അദ്ദേഹത്തിന്റെ മക്കളേയും ശരിയായ നിലയിൽ കാത്തുസൂക്ഷിക്കാൻ ഭാര്യമാരോടു പറഞ്ഞു. അവരുടെ നടപ്പും ഇരുപ്പും പെരുമാറ്റവും ആർക്കും ആക്ഷേപം ഉണ്ടാകാനിടയാകാത്തവിധത്തിലുള്ളതായിരിക്കണം. ഭർത്താവിന്റെ ധനം ശരിയായ നിലയിൽ വിനിയോഗിക്കണം. ചിലർക്ക് അനാവശ്യമായി ചെലവഴിക്കുന്ന ശീലമുണ്ടാകും. തന്റെ ഫാഷൻ നടപ്പിൽ വരുത്താനും അനാവശ്യമായ കാര്യങ്ങൾക്കും വേണ്ടി ചെലവഴിക്കുന്നു. അതിൽനിന്ന് പിന്മാറുക. ജമാഅത്തുമായിട്ടുള്ള ബന്ധവും ഖിലാഫത്തുമായിട്ടുള്ള ബന്ധവും മനസ്സിലാക്കിക്കൊടുക്കുംവിധം കുട്ടികൾക്ക് ശിക്ഷണം നല്കേണ്ടതാണ്. തങ്ങളുടെ ഉത്തരവാദിത്തത്തെക്കുറിച്ചും മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. പഠിക്കണമെന്നും ഉന്നതമായ സ്വഭാവം പ്രകടമാക്കണമെന്നുമുള്ള ബോധം അവരിൽ ഉണ്ടാക്കണം.

തന്റെ ഭാര്യ തന്റെ അസാന്നിധ്യത്തിൽ- ഭർത്താവ് അധികസമയവും ജോലി ആവശ്യാർത്ഥം വെളിയിലായിരിക്കും ഉണ്ടാകുക- ചുമതലകൾ നിർവഹിക്കുന്നില്ലായെന്ന് ഭർത്താവിന് തോന്നാൻ പാടില്ല. ഇതുമാത്രമല്ല, നബി(സ) തിരുമേനി പറയുന്നു:

ഭർത്താവ് എന്തെങ്കിലും ശിക്ഷ നല്കിയാൽതന്നെ അത് വളരെ നിസ്സാരമായിരിക്കും. അതെല്ലാം ഈ ലോകത്ത് അവസാനിച്ചുപോകും. പക്ഷേ, രക്ഷാശിക്ഷയുടെ നാൾ നിങ്ങൾ ചോദിക്കപ്പെടും എന്ന കാര്യം ഓർത്തുകൊള്ളുക. പിന്നീട് എങ്ങനെ പെരുമാറുമെന്ന് അല്ലാഹുവാണ് നല്ലവണ്ണം അറിയുന്നവൻ. അല്ലാഹു എല്ലാവരുടേയുംമേൽ കരുണ ചെയ്യുമാറാകട്ടെ.

പിന്നീട് പറഞ്ഞു, ഭൃത്യൻ തന്റെ അധികാരിയുടെ സ്വത്തിനെ സംബന്ധിച്ച് ചോദിക്കപ്പെടുന്നതാണ്. ഇതിനുള്ള ഉദാഹരണം ഞാൻ ആദ്യമേ പറഞ്ഞുകഴിഞ്ഞു. ബാഹ്യമായ നിലയിലുള്ള ചുമതല ഒരാൾ നിർവഹിക്കുന്നില്ലെങ്കിൽ, അതിന്റെ അർത്ഥം സ്വത്ത് കാത്തുസൂക്ഷിക്കുന്നില്ല എന്നാണ്. ഓരോ തൊഴിലാളിയും തന്റെ തൊഴിലിനോട് കൂറുപുലർത്തുന്നില്ലെങ്കിൽ, സർക്കാരിൽനിന്നോ ജമാഅത്തിൽ നിന്നോ സമൂഹത്തിൽനിന്നോ അർപ്പിക്കപ്പെട്ട ചുമതലകൾ അയാൾ നിറവേറ്റിയില്ല എന്നാണ് അർത്ഥം. ഭൗതികമായ നിയമങ്ങൾക്കനുസരിച്ച് അയാൾ ഈ ലോകത്ത് മേലധികാരിയിൽനിന്ന് ചോദ്യം ചെയ്യപ്പെടും, പിന്നീട് അല്ലാഹുവിന്റെ മുമ്പിലും മറുപടി പറയേണ്ടിവരും.

ഇവിടെ ആ നിയമവ്യവസ്ഥിതിയിൽ, ജമാഅത്ത് വ്യവസ്ഥിതിയിൽ ഭാരവാഹികൾ തുടങ്ങി ഇമാം വരെ കാര്യങ്ങൾ എത്തുന്നു. ജമാഅത്തിലെ അംഗങ്ങൾ അല്ലാഹുവിന്റെ സ്വത്താണ്. അവരുടെ തർബിയ്യത്തിലേക്ക് ശ്രദ്ധിക്കാതെ അവരെ വേണ്ടുംവിധം നോക്കിയില്ല. ഭൗതിക ഭരണകൂടത്തിനും ഇക്കാര്യം മനസ്സിലാക്കിക്കൊടുത്തിട്ടുണ്ട്. ഏതൊരു സ്വത്തിനെ നന്നാക്കിത്തീർക്കാൻ അല്ലാഹു നിങ്ങളെ ഏല്പിച്ചുവോ, അവരോടുള്ള ചുമതലകൾ നിർവഹിക്കാതെ, അവരോടുള്ള കടമ നിറവേറ്റാതെ, അവരുടെ വിദ്യാഭ്യാസപരവും മറ്റു പുരോഗമനപരവുമായ കാര്യങ്ങളിലേക്ക് ശ്രദ്ധിക്കാതെ, എല്ലാത്തിന്റേയും അധികാരി ഏല്പിച്ച ചുമതലകൾ വേണ്ടവിധം നിർവഹിച്ചില്ല. അതുകൊണ്ട് അവരും മറുപടി പറയാൻ ബാധ്യസ്ഥരാണ്.

അതിനാൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ സ്വരുക്കൂട്ടുന്നതിനായി, ഉത്തരവാദിത്തബോധത്തോടെ പ്രാർത്ഥനയിലേക്കും ശ്രദ്ധിക്കേണ്ടതാണ്; അല്ലാഹു എല്ലാവർക്കും, ഓരോരുത്തർക്കും അവരവരുടെ ഉത്തരവാദിത്തം നിറവേറ്റാൻ തൗഫീഖ് നല്കുന്നതിനുവേണ്ടിയാണിത്. ഇതിൽ നാല് കാര്യങ്ങൾ മാത്രമെ നബി(സ) പറഞ്ഞിട്ടുള്ളൂവെങ്കിലും അടിസ്ഥാനപരമായി ഒരു സാധാരണക്കാരൻ മുതൽ തുടങ്ങി ഇമാം വരെയുള്ള എല്ലാവർക്കും തങ്ങളുടെ ഉത്തരവാദിത്തത്തെക്കുറിച്ച് ഉപദേശിച്ചിരിക്കുന്നു. അല്ലാഹു എല്ലാവർക്കും തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

അല്ലാഹുവിന്റെ കണക്കെടുപ്പിൽനിന്ന് രക്ഷപ്പെടുന്നതിന്, അവനെ ഭയപ്പെട്ടിരുന്ന ഒരാളെക്കുറിച്ച് ഹദീസിൽ ഇങ്ങനെ വന്നിരിക്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂസഈദ്(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഒരാളെക്കുറിച്ച് പറഞ്ഞു: നിങ്ങൾക്കുമുമ്പേ ഒരാളുണ്ടായിരുന്നു. അയാൾക്ക് അല്ലാഹു പണവും മക്കളേയും നല്കി. അയാളുടെ മരണം അടുത്തുവന്നപ്പോൾ അയാൾ തന്റെ മക്കളോട് ചോദിച്ചു, ഞാൻ നിങ്ങളുടെ പിതാവെന്ന നിലയിൽ എങ്ങനെയുള്ളവനാണ്. ഏറ്റവും നല്ല പിതാവാണെന്ന് അവർ പറഞ്ഞു. അയാൾ പറഞ്ഞു. ഞാൻ അല്ലാഹുവിന്റെ പക്കൽ ഒരു നന്മയും ചെയ്തിട്ടില്ല. ഞാൻ അല്ലാഹുവിന്റെ സന്നിധിയിൽ ഹാജരാക്കപ്പെടുമ്പോൾ അവൻ എന്നെ ശിക്ഷിക്കും. അതുകൊണ്ട് നല്ലവണ്ണം കേൾക്കുക, ഞാൻ മരിച്ചാൽ എന്നെ ദഹിപ്പിക്കണം. ഞാൻ കരിക്കട്ടയായാൽ, എന്നെ നല്ലവണ്ണം പൊടിക്കണം. ചെറിയ കാറ്റിൽപോലും പറന്നുപോകുന്നത്ര പൊടിപൊടിയാക്കണം. പിന്നീട് ശക്തമായ പൊടിക്കാറ്റു വീശുമ്പോൾ എന്റെ ചാരം അതിൽ പറത്തിക്കളയണം. അയാൾ മക്കളോട് ഇക്കാര്യത്തിൽ ഉറപ്പുവാങ്ങി. നബി(സ) പറയുന്നു. എന്റെ റബ്ബിനാണ! മക്കൾ അങ്ങനെതന്നെ ചെയ്തു.

പിന്നീട് അല്ലാഹു അയാളുടെ ചാരത്തോട് നീയാകുക എന്നു പറഞ്ഞു. അപ്പോൾ അയാൾ പഴയപോലെ നില്ക്കുന്നു. അയാളെ ആ ചാരമെല്ലാം സംഘടിപ്പിച്ചു ശരീരധാരിയാക്കി. അല്ലാഹു ചോദിച്ചു, എന്റെ ദാസാ ഏത് കാര്യമാണ് നിന്നെക്കൊണ്ട് അങ്ങനെ ചെയ്യിച്ചത്. നിന്നോടുള്ള ഭയമാണെന്ന് അയാൾ അറിയിച്ചു. അപ്പോൾ അല്ലാഹു അയാളോടു കരുണകാണിച്ചു.

***യഗ്ഫിറുലിമൻയ്യശാഉ വയുഅദിബുമൻയ്യശാഅ്*** എന്ന് അല്ലാഹു പറയുന്നതിന്റെ ഒരു ചിത്രമാണിത്. മരണത്തോടടുക്കുമ്പോഴുള്ള ഭയവും അവന്റെ പൊറുമയ്ക്കുള്ള സാഹചര്യം ഒരുക്കുന്നു. കാരണം അല്ലാഹു തന്റെ അധികാരത്തിന്റെ അടിസ്ഥാനത്തിലാണ് ***വകാനല്ലാഹു ഗഫൂറുർറഹീം*** എന്ന് പറഞ്ഞത്. അല്ലാഹു ഒരുപാട് പൊറുക്കുന്നവനും സർവ്വഥാ കരുണ ചൊരിയുന്നവനുമാണ്.

അല്ലാഹുവിനെത്തൊട്ട് അയാൾക്ക് ഭയമുണ്ടായിരുന്നു. ആ ഭയമാണ് തന്റെ ശവശരീരത്തോട് അങ്ങനെയൊക്കെ ചെയ്യിക്കാൻ അയാളെ പ്രേരിപ്പിച്ചത്. എന്നാൽ, അധികാരിയായ അല്ലാഹു അയാളോട് ദയ

കാണിച്ചുകൊണ്ട് അയാളുടെ പൊറുമയ്ക്കുള്ള സാഹചര്യം ഒരുക്കി. പക്ഷേ, അല്ലാഹുവിന്റെ ഇത്തരം പെരുമാറ്റം ഒരു സത്യവിശ്വാസിയെ തിന്മകളിൽ വളർത്തുകയില്ലെന്ന കാര്യം അവൻ ഓർക്കേണ്ടതാണ്. അല്ലാഹു എന്തായാലും പൊറുക്കും, അതുകൊണ്ട് എന്ത് തോന്ന്യാസവും കാണിക്കാമെന്ന ചിന്ത അവനുണ്ടാകുകയില്ല. എന്നല്ല, അത് ഇത്രയേറെ കരുണ കാണിക്കുകയും കൃപ ചൊരിയുകയും ചെയ്ത അല്ലാഹുവിന്റെ മുമ്പിൽ അവനെ കൂടുതൽ പ്രണാമം ചെയ്യിക്കുന്നതാണ്. സ്വന്തം പാപങ്ങളിലേക്ക് നോക്കിക്കൊണ്ട് ഇസ്തിഗ്ഫാർ ചെയ്യാനും അവനെ ആരാധിക്കുവാനും കൂടുതൽ പ്രേരണ നല്കുന്നതാണ്.

ഇങ്ങനെയൊക്കെ ദയ കാണിക്കുന്നവനായിട്ടും ചില പാപങ്ങൾ പൊറുക്കുകയില്ലെന്ന് അല്ലാഹു പറയുന്നുണ്ട്. ഉദാഹരണത്തിന് ബഹുദൈവാരാധന പൊറുക്കുകയില്ലെന്ന് അവൻ പറയുന്നു. ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂദർ(റ) നബി (സ) തിരുമേനിയിൽനിന്ന് നിവേദനം ചെയ്യുന്നു. പ്രതാപവാനായ അല്ലാഹു അരുൾ ചെയ്തതായി നബി(സ) പറഞ്ഞു: "ആദമിന്റെ മകനേ, നീ എന്നോട് പ്രാർത്ഥിക്കുന്നില്ല. എന്നിൽനിന്ന് പ്രതീക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. നീ പാപം ചെയ്താലും ഞാൻ നിനക്ക് പൊറുത്തുതരും; അത് ഭൂമിക്ക് സമാനമായിരുന്നാൽപോലും അത്രയും പൊറുമയോടുകൂടി നിന്നെ കാണുന്നതാണ്. നിന്റെ പാപം ആകാശത്തിന്റെ സീമയോളം എത്തിയാലും എനിക്ക് ആരേയും നീ പങ്കാളിയാക്കിവെക്കാതെ എന്നോട് പൊറുക്കലിനെ തേടിയാൽ ഞാൻ നിനക്ക് പൊറുത്തുതരും. അവിടെ ഒന്നിനേയും ഞാൻ വകവെക്കുകയില്ല."

അതുകൊണ്ട് ശിർക്കിൽനിന്ന് രക്ഷപ്പെടേണ്ടത് നിർബ്ബന്ധമാണ്. ശിർക്ക് ഒരുപാട് തരമുണ്ട്. പിന്നീട് പറഞ്ഞത് തന്നിൽനിന്ന് പൊറുക്കലിനെ തേടുക എന്നാണ്. അതിനാൽ ദുആയിലേക്ക് ശ്രദ്ധിക്കേണ്ടതും നിർബന്ധമാണ്. അല്ലാഹു രക്ഷാശിക്ഷയുടെ നാളിന്റെ അധികാരിയാണ്. അവന്റെ ആധിപത്യം നാം മുന്നിൽ കാണേണ്ടതാണ്. അല്ലാഹു പൊറുത്തുതരും എന്നു കരുതി പാപങ്ങൾ ചെയ്യാൻ ധൈര്യം കാട്ടരുത്. അത് അവനിഷ്ടപ്പെടുന്നില്ല.

അതുകൊണ്ടാണ് നബി(സ) ആ അധികാരിയിൽനിന്ന് പൊറുക്കലിനെ തേടുന്നതിനായി- അവൻ ഇച്ഛിക്കുന്നവരെ ശിക്ഷിക്കുകയും അവൻ ഇച്ഛിക്കുന്നവർക്ക് പൊറുത്തുകൊടുക്കുകയും ചെയ്യുന്നു, ആരോട് എങ്ങനെ പെരുമാറണമെന്ന് നന്നായിട്ടറിയുന്നവനും അവൻ തന്നെയാണ്- ഒരു ദുആ പഠിപ്പിച്ചത്.

ഹദ്റത്ത് ഇബ്നു ഉമർ(റ) പറയുന്നു. നബി(സ) കിടക്കയിൽ ഉറങ്ങാൻ കിടന്നാൽ ഇങ്ങനെ പറയുമായിരുന്നു. "സർവസ്തുതിയും അല്ലാഹുവിനാകുന്നു. അവൻ എനിക്ക് മതിയായവനാണ്. എനിക്ക് അഭയം നല്കുകയും ഭക്ഷണം നല്കുകയും വെള്ളം പാനം ചെയ്യിക്കുകയും ചെയ്തവൻ. അവൻ തന്നെയാണ് എന്നിൽ ഔദാര്യം ചെയ്തത്. അവൻ തന്റെ അനുഗ്രഹംകൊണ്ട് എന്നെ കടാക്ഷിച്ചു. എനിക്ക് വളരെയധികം നല്കിയവനും അവൻതന്നെ. എപ്പോഴും എല്ലാ അവസ്ഥയിലും സകല സ്തുതിയും അല്ലാഹുവിനാകുന്നു. അല്ലാഹുവേ, സകലവസ്തുക്കളുടേയും നാഥാ, സകലവസ്തുക്കളുടേയും രാജാവേ, സകലവസ്തുക്കളുടേയും ആരാധ്യനായിട്ടുള്ളവനേ, സകലവസ്തുവും നിന്റേതാണ്. ഇന്ന് ഞാൻ നിന്നെ അഭയം പ്രാപിക്കുന്നു."

അല്ലാഹു നല്കിയിരിക്കുന്ന ഈ ഔദാര്യങ്ങളെയെല്ലാം മനുഷ്യൻ ഓർമ്മവയ്ക്കുകയാണെങ്കിൽ ശിർക്ക് ചെയ്യുന്ന പ്രശ്നമേ ഉദിക്കുന്നില്ല. ഞാൻ പറഞ്ഞ അല്ലാഹുവിന്റെ പൊറുക്കലിന്റെ ഉദാഹരണമുണ്ടായിട്ടും നബി(സ) തനിക്കായി ചെയ്ത- അദ്ദേഹത്തിന് വേണ്ടിയാണ് ഈ ഭൂമിയും ആകാശവും സൃഷ്ടിക്കപ്പെട്ടത്. അദ്ദേഹത്തെയാണ് അല്ലാഹു ഏറ്റവും കൂടുതൽ സ്നേഹിച്ചിരുന്നത്. ഇന്ന് സ്നേഹിക്കുന്നതും. കാരണം അവിടത്തെ വസീലയിലൂടെ മാത്രമേ അല്ലാഹുവിനെ കിട്ടുകയുള്ളൂ. അല്ലാഹുവിനെ ഏറ്റവും കൂടുതൽ സ്നേഹിച്ചതും അവിടന്നായിരുന്നു- എന്നെ തീയുടെ ശിക്ഷയിൽനിന്ന് രക്ഷിക്കേണമേ എന്നുള്ള അവിടത്തെ പ്രാർത്ഥന വിളിച്ചോതുന്നത് യഥാർത്ഥ വിശ്വാസി നന്ദി കാണിച്ചുകൊണ്ട് ദുആയിലേക്ക് ശ്രദ്ധിക്കണമെന്നാണ്.

പൊറുക്കലിനെ തേടുക എന്നു പറഞ്ഞതിൽനിന്ന് ആ അല്ലാഹുവിന്റെ വാതില്ക്കൽ പോകേണ്ടത് നിർബന്ധമാണെന്ന് പ്രകടമാകുന്നു. അവനിലേക്ക് നടന്നടുക്കേണ്ടത് നിർബന്ധമാണ്. എങ്കിൽ മാത്രമേ, ആ സാഹചര്യം ഒരുങ്ങിവരികയുള്ളു. നൂറുപേരെ കൊന്ന ഘാതകന് വേണ്ടി തിന്മയിലേക്കുള്ള ദൂരം കൂട്ടുകയും നന്മയിലേക്കുള്ള ദൂരം കുറയ്ക്കുകയും ചെയ്തു. കാരണം അയാൾ അല്ലാഹുവിനോട് പൊറുക്കലിനെ തേടാനുള്ള ശ്രമം ആരംഭിച്ചുകഴിഞ്ഞിരുന്നു. അതിനാൽ, പാപങ്ങളെല്ലാം സമ്മതിച്ചുകൊണ്ട് പൊറുക്കലിനെ തേടുകയും അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും അവനെ ആരാധിക്കുകയും ചെയ്യുക എന്നത് തീയിൽനിന്നുള്ള രക്ഷയ്ക്ക് മാർഗ്ഗമായിത്തീരുന്നു. അല്ലാഹു എല്ലാവർക്കും ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാക

ട്ടെ. തന്റെ അഭയത്തിൽ വെക്കുകയും ചെയ്യുമാറാക ട്ടെ.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: നബി(സ) തിരുമേനി പറഞ്ഞു: "പരിശുദ്ധനായ അല്ലാഹു എല്ലാ രാത്രിയും ഒന്നാം ആകാശത്തേക്ക് ഇറങ്ങിവരുന്നു. രാത്രിയുടെ അവസാനയാമം ബാക്കിയാകുമ്പോൾ അവൻ ചോദി ക്കുന്നു; എന്നെ വിളിക്കുന്നവൻ ആരുണ്ട്? ഞാൻ അവന്റെ ദുആ സ്വീകരിക്കാൻ. എന്നോട് ചോദി ക്കാൻ ആരുണ്ട്? ഞാൻ അവന് കൊടുക്കാൻ. എന്നോട് പൊറുക്കലിനെ തേടാൻ ആരുണ്ട്? ഞാൻ അവന് പൊറുത്തുകൊടുക്കാൻ." ഇത് ബുഖാരിയിൽ വന്നിട്ടുള്ള ഹദീസാണ്.

മുസ്‌ലിമിൽ വന്നിട്ടുള്ള ഒരു നിവേദനം ഇങ്ങ നെയാണ്. ഹദ്റത്ത് അബൂഹുറയ്റ(റ) തന്നെയാണ് അത് നിവേദനം ചെയ്തത്. അതിൽ പറയുന്നത് ഓരോ രാത്രിയുടേയും ആദ്യത്തെ മൂന്നിലൊന്ന് ഭാഗം കഴി ഞ്ഞുകടന്നാൽ ഭൂമിയുടെ മീതെയുള്ള ആകാശത്തി ലേക്ക് അല്ലാഹു ഇറങ്ങിവരുന്നു. എന്നിട്ട് പറയും: ***അനൽമലിക് അനൽമലിക്*** അതായത് ഞാനാണ് ഇതിന്റെ യഥാർത്ഥ അധികാരിയും രാജാവും. എന്നോട് ആരാണോ പ്രാർത്ഥിക്കുന്നത് ഞാൻ അവ നുവേണ്ടി അത് സ്വീകരിക്കുന്നതാണ്. എന്നോട് ചോദിക്കുന്നവർക്ക് ഞാൻ കൊടുക്കുന്നതാണ്. എന്നോട് പൊറുക്കലിനെ തേടുന്നവന് ഞാൻ പൊറു ത്തുകൊടുക്കും. ഈ അവസ്ഥ പ്രഭാതം വരെ നില നില്ക്കും."

നോക്കുക, ആകാശത്തിന്റേയും ഭൂമിയുടേയും അധികാരിയായ അവൻ സ്വയം വിളിച്ചുപറയുന്നു: വരിക, എന്നോട് ചോദിക്കുക, എന്നിൽനിന്ന് വാങ്ങു ക, എന്റെ ഖജനാവ് സമ്പാദിക്കുക എന്ന്. നിങ്ങൾക്ക് എല്ലാവർക്കും തന്നാലും തന്റെ ഖജനാവിൽ ഒരു കുറവും വരികയില്ലെന്ന് അവൻ അറിയിക്കുന്നു. രാജാക്കന്മാർക്ക് തങ്ങളുടെ ഖജനാവിൽ കുറവുണ്ടാ കുമോ എന്ന ഭയമുണ്ടാകാം. പക്ഷേ, തനിക്ക് അങ്ങെ യൊരു ഭയവുമില്ലെന്ന് അല്ലാഹു പറയുന്നു. സൂചി സമുദ്രത്തിൽ മുക്കിയെടുക്കുന്നത്രപോലും കുറവു ണ്ടാകില്ലെന്ന്.

ഒരു ഹദീസിൽ അല്ലാഹു ചില കല്പനകൾ നല്കിയിരിക്കുന്നു. ഇത് ഖുദ്സിയായ ഹദീസാണ്.. അല്ലാഹുവിൽനിന്ന് നബി(സ) ഉദ്ധരിക്കുന്നതായി അബൂദർ(റ)നിവേദനം ചെയ്യുന്നു. തീർച്ചയായും അല്ലാഹു പറഞ്ഞു: "എന്റെ അടിമകളേ, ഞാൻ ആരേയും ആക്രമിക്കുകയില്ല. നിങ്ങളും ആരേയും ആക്രമിക്കരുത്. അത് നിങ്ങൾക്ക് നിഷിദ്ധമാണ്. എന്റെ അടിമകളേ, ഞാൻ സന്മാർഗ്ഗദർശനം ചെയ്തി ല്ലെങ്കിൽ, നിങ്ങളെല്ലാം വഴിപിഴച്ചവരാണ്. നിങ്ങളെ ന്നോട് സന്മാർഗ്ഗം തേടുക. ഞാൻ നിങ്ങളെ സന്മാർഗ്ഗി കളാക്കുന്നതാണ്."

ആദ്യം പറഞ്ഞത് പരസ്പരം കടമകൾ നിറ വേറ്റുന്നതിനെക്കുറിച്ചാണ്. പിന്നീട് ദുആ ചെയ്യുന്ന തിനെക്കുറിച്ചും പൊറുക്കലിനെ തേടുന്നതിനെ സംബന്ധിച്ചും സന്മാർഗ്ഗം ചോദിക്കുന്നതിനെ പറ്റിയും പറഞ്ഞിരിക്കുന്നു.

പിന്നീട് പറഞ്ഞു: "എന്റെ അടിമകളേ, ഞാൻ തീറ്റിയിട്ടില്ലെങ്കിൽ നിങ്ങളെല്ലാം വിശന്നുവലയുന്ന വരാണ്. നിങ്ങളെന്നോട് ഭക്ഷണം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്ക് ആഹാരം നല്കുന്നതാണ്."

അല്ലാഹു തന്നെയാണ് എല്ലാ നല്കുന്നവൻ. മനുഷ്യൻ നിസ്സാരനാണ്. അതുകൊണ്ട് പൊങ്ങച്ചം കാണിക്കേണ്ട. വലിയ വലിയ വ്യവസായികളും കർഷക മുതലാളിമാർപോലും ഞൊടിയിടയിൽ തകർന്നുതരിപ്പണമാവുകയും ഭ്രാന്തരായിത്തീരു കയും ചെയ്യുന്നു.

പിന്നീട് പറഞ്ഞു: "എന്റെ അടിമകളേ, ഞാൻ നിങ്ങളെ ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാ ണ്. അതുകൊണ്ട് നിങ്ങൾ എന്നോട് വസ്ത്രം ആവ ശ്യപ്പെടുക. ഞാൻ നിങ്ങളെ ധരിപ്പിക്കാം. എന്റെ അടി മകളേ, രാവുംപകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നു. നിങ്ങൾ എന്നോട് പാപ മോചനം അർത്ഥിക്കുക, ഞാൻ നിങ്ങൾക്ക് പൊറു ത്തുതരാം." വീണ്ടും ദുആയിലേക്ക് ശ്രദ്ധ ക്ഷണി ക്കുകയാണ്.

പിന്നീട് പറഞ്ഞു: "എന്റെ അടിമകളേ ഒരി ക്കലും നിങ്ങൾക്കെന്നെ ബുദ്ധിമുട്ടിക്കാൻ സാധി ക്കുന്നതല്ല. അതിന് നിങ്ങൾക്ക് കഴിയുമെങ്കിൽ നിങ്ങ ളെന്നെ ബുദ്ധിമുട്ടിക്കുമായിരുന്നു. അപ്രകാരംതന്നെ എനിക്ക് എന്തെങ്കിലും ഉപകാരം ചെയ്യാനും നിങ്ങൾക്ക് കഴിയുകയില്ല. അതിന് കഴിയുമെങ്കിൽ നിങ്ങൾ എനിക്ക് എന്തെങ്കിലും പ്രയോജനം ചെയ്യു മായിരുന്നു." അല്ലാഹു എല്ലാ കാര്യങ്ങൾക്കും അതീ തനാണ്.

പിന്നീട് പറഞ്ഞു. എന്റെ അടിമകളേ, നിങ്ങ ളുടെ മുൻഗാമികളും പിൻഗാമികളും മനുഷ്യ വർഗ്ഗവും ജിന്നുവർഗ്ഗവും എല്ലാവരും കൂടി നിങ്ങ ളിൽ ഏറ്റവും ഭക്തനായ ഒരു മനുഷ്യന്റെ മനസ്സു പോലെ ആയിത്തീർന്നാൽപോലും അത് എന്റെ അധികാരാധിപത്യത്തിൽ ഒന്നും വർദ്ധിപ്പിക്കുകയി

ല്ല; തീർച്ച.

എന്റെ അടിമകളേ, നിങ്ങളുടെ മുൻഗാമികളും പിൻഗാമികളും മനുഷ്യവർഗ്ഗവും ജിന്നുവർഗ്ഗവും ഒരുമിച്ചുചേർന്ന് നിങ്ങളിലേറ്റവും ക്രൂരനായ ഒരൊറ്റ ധിക്കാരിയെപോലെ ആയിത്തീർന്നാലും അതൊന്നും എന്റെ അധികാരാധിപത്യത്തിൽ ലവലേശം കുറവ് വരുത്തുന്നതല്ല."

തിന്മകൾ പരത്തിയാലും എന്റെ കല്പനകൾ അനുസരിച്ച് നടക്കാതിരുന്നാലും ഞാൻ കല്പിച്ച വഴിയിലൂടെ മുന്നോട്ടു പോയില്ലെങ്കിലും അതുകൊണ്ട് എനിക്ക് ഒരു നഷ്ടവും വരികയില്ല. എന്തെങ്കിലും മാറ്റമുണ്ടാകുകയാണെങ്കിൽ അത് നിങ്ങൾക്കായിരിക്കും.

വീണ്ടും പറഞ്ഞു: "നിങ്ങളുടെ മുൻഗാമികളും പിൻഗാമികളും മനുഷ്യവർഗ്ഗവും ജിന്നുവർഗ്ഗവും ഒരേ മൈതാനിയിൽ ഒരുമിച്ചുകൂടി എന്നോട് പ്രാർത്ഥിക്കുകയും അവരുടെ ആവശ്യങ്ങൾ ഞാൻ നിറവേറ്റുകയും ചെയ്താൽതന്നെ സൂചി സമുദ്രത്തിലിട്ടാൽ കുറയ്ക്കും പോലെയല്ലാതെ എന്റെ പക്കലുള്ള ഒന്നിനേയും അത് കുറയ്ക്കുകയില്ല." അതിരില്ലാത്ത ഖജനാവുകളാണ് അല്ലാഹുവിന്റെ പക്കലുള്ളത്.

വീണ്ടും പറഞ്ഞു. "എന്റെ അടിമകളേ, നിങ്ങളുടെ പ്രവർത്തനങ്ങളെല്ലാം ഞാൻ രേഖപ്പെടുത്തുന്നുണ്ട്. പിന്നീട് നിങ്ങൾക്കതിന്റെ പ്രതിഫലം ഞാൻ പൂർത്തീകരിച്ചുതരും. ആയതുകൊണ്ട് വല്ല നേട്ടങ്ങളും ആർക്കെങ്കിലും ലഭിച്ചാൽ അവൻ അല്ലാഹുവിനെ സ്തുതിക്കുകയും ആർക്കെങ്കിലും വിപത്ത് സംഭവിച്ചാൽ അവനെത്തന്നെ അവൻ ആക്ഷേപിച്ചുകൊള്ളുകയും ചെയ്യട്ടെ."

നന്മകൾ ചെയ്താൽ അല്ലാഹു അതിന് പ്രതിഫലം നല്കും. ഇല്ലെങ്കിൽ ശിക്ഷ കിട്ടും. ശിക്ഷ കിട്ടുമ്പോൾ പിന്നെ തന്നത്താൻ കുറ്റപ്പെടുത്തുകയല്ലാതെ നിർവാഹമില്ല. അതുകൊണ്ട് എങ്ങനെയാണ് അല്ലാഹു പൊറുത്തുകൊടുക്കുകയെന്ന് ആദ്യ ഹദീസിൽ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. എങ്കിലും ശിക്ഷയെ കാണാൻ പോകുന്നവരോട് പറഞ്ഞു, നിങ്ങൾ നിങ്ങളെത്തന്നെ കുറ്റപ്പെടുത്തേണ്ടിവരും. ഇങ്ങനെ പൊറുത്തുതരികയും കരുണ ചെയ്യുകയും ചെയ്യുന്ന അധികാരി ഉണ്ടായിട്ടും അവന്റെ വാതില്ക്കൽനിന്ന് മനുഷ്യൻ അനുഗ്രഹം തേടാൻ തയ്യാറാവുന്നില്ല.

ഇനി ഞാൻ നബി(സ) ഈ മഹനീയഗുണത്തെ എങ്ങനെയാണ് പ്രകടിപ്പിച്ചതെന്നതിനെക്കുറിച്ച് പറയാം.

ഒരിക്കൽ ഒരാളെ നബിതിരുമേനിയുടെ മുമ്പിൽ കൊണ്ടുവന്നു. ഇയാൾ അങ്ങയെ കൊല്ലാൻ വന്നതാണെന്ന് നബി(സ)യോട് പറയപ്പെട്ടു. (കീഴടങ്ങിയപ്പോൾ ശിക്ഷ കിട്ടുമെന്നോർത്ത് അയാൾ വല്ലാതെ ഭയന്നിരുന്നു) നബി(സ) അയാളോട് പറഞ്ഞു. നീ ഭയപ്പെടേണ്ട. നീ ഭയപ്പെടേണ്ട. നീ അങ്ങനെ ചെയ്യാൻ ഉദ്ദേശിച്ചാൽതന്നെ എന്നെ കീഴടക്കാൻ നിനക്ക് സാധിക്കുമായിരുന്നില്ല."

അയാളുടെമേൽ നബി(സ)ന് അധികാരമുണ്ടായിട്ടും അവിടന്ന് അല്ലാഹുവിന്റെ ഈ മഹനീയഗുണം വെളിവാക്കി അയാൾക്ക് മാപ്പ് കൊടുത്തു. മറ്റൊന്ന് (***വല്ലാഹു യഅ്സിമുക മിനന്നാസ്***) തന്നെ രക്ഷിക്കുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തിൽ പൂർണ്ണമായും വിശ്വസിച്ചുകൊണ്ട് അയാളോട് പറഞ്ഞു. നീ ആഗ്രഹിച്ചാൽതന്നെയും അല്ലാഹുവിന്റെ സത്യവാനായ റസൂലായ എന്നെ അവൻതന്നെ സംരക്ഷിക്കുന്നതാണ്. കാരണം ഞാൻ അവന്റെ സ്വത്താണ്. അവന് പ്രിയങ്കരനാണ്. നിന്നെപ്പോലെ ഒരുത്തനും ഒരിക്കലും വിജയിക്കുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നബി(സ) തിരുമേനി ആരുടെ കൈയാലും വധിക്കപ്പെടാതിരുന്നതും ഒരു കനപ്പെട്ട ദൃഷ്ടാന്തമാണ്. വിശുദ്ധഖുർആന്റെ സത്യതയ്ക്കുള്ള തെളിവാണ്. വിശുദ്ധഖുർആന്റെ പ്രവചനമാണ് ***'വല്ലാഹു യഅ്സിമുക്ക മിനന്നാസ്'***. അവസാനകാലത്തെ നബി ആരുടെ കൈയാലും വധിക്കപ്പെടുകയില്ലെന്ന് മുൻവേദ ഗ്രന്ഥങ്ങളിലും പ്രവചനമുണ്ട്."

നബി(സ) തിരുമേനിയോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം ഇനിയും കാണുക. ത്വായിഫ് യാത്രാവസരത്തിൽ ശത്രുക്കൾ ആക്രമിച്ച് അവിടത്തെ ശരീരം മുഴുവൻ ചോരയൊലിച്ചു. അവിടന്ന് ക്ഷീണിച്ച് ഒരിടത്ത് മാറിയിരുന്നു. അല്ലാഹുവിന്റെ വെറുപ്പ് ശത്രുക്കൾക്കെതിരിൽ പ്രകടമാകാൻ തുടങ്ങിയിരുന്നു. അപ്പോൾ ജിബ്രീൽ(അ) നബി(സ) തിരുമേനിയോട് പറഞ്ഞു: അല്ലാഹുതആല താങ്കളെക്കുറിച്ച് താങ്കളുടെ ജനത പറഞ്ഞതും താങ്കൾ അവരോട് പറഞ്ഞതും കേട്ടു. താങ്കൾ താങ്കളുടെ ജനതയെക്കുറിച്ച് എന്ത് കല്പിച്ചാലും അത് നടപ്പിൽവരുത്താൻ അല്ലാഹുതആല മലകളുടെ മലക്കുകൾക്ക് കല്പന കൊടുത്തിരിക്കുന്നു. അങ്ങനെ മലകളുടെ മലക്ക് നബിക്ക് സലാം പറഞ്ഞുകൊണ്ട് പറഞ്ഞു: "അങ്ങയുടെ ജനതയെക്കുറിച്ച് അങ്ങ് എന്താഗ്രഹിക്കുന്നുവോ അത് കല്പിച്ചുകൊള്ളുക. അങ്ങിഷ്ടപ്പെടുകയാണെങ്കിൽ ഇവരെ ഈ രണ്ട് മലകൾക്കിടയിൽ അരച്ചിടാം. നബി(സ) മലക്കിനോട് പറഞ്ഞു. അങ്ങനെ പാടില്ല. ഞാനിഷ്ടപ്പെടുന്നത് അല്ലാഹു ഇവരുടെ തലമുറയിൽ

ഏകനായ അല്ലാഹുവിനെ ആരാധിക്കുകയും അവ നോട് ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യുന്ന ജനങ്ങളെ സൃഷ്ടിക്കണമെന്നാണ്."

ഇതായിരുന്നു നബിതിരുമേനി(സ) യുടെ ജീവിതമാതൃക. പൂർണ്ണമായ അധികാരമുണ്ടായിട്ടും ശിക്ഷയിൽനിന്ന് എതിരാളികളെ രക്ഷപ്പെടുത്തുന്നു. അല്ലാഹുവിന്റെ മാലിക്കിയത്തെയൗമിദ്ദീൻ ഇന്ന് ഇക്കൂട്ടരെ ശിക്ഷിക്കാൻ പ്രാപ്തമാണെന്ന് നല്ലവണ്ണം അറിയാം. പക്ഷേ, അവന്റെ മാപ്പ് കൊടുക്കുക എന്ന മഹനീയ ഗുണവും ഈ മാലിക്കിയ്യത്തനുസരിച്ചാണുള്ളത്. അതിന്റെ പ്രാചരകനാണ് അവിടന്ന്. അല്ലാഹുവിന്റെ വാഗ്ദാനത്തിലും നബി(സ) തിരുമേനിക്ക് ദൃഢവിശ്വാസമുണ്ട്. അല്ലാഹു നിയോഗിച്ചിരിക്കുന്നതുകൊണ്ട് അവസാനം വിജയിക്കുന്നത് താൻതന്നെയായിരിക്കും എന്നും അറിയാം. അതുകൊണ്ട് അവിടന്ന് പറഞ്ഞു. മാപ്പ് എന്ന മഹനീയഗുണം മുന്നിൽകണ്ടുകൊണ്ടുതന്നെ പറഞ്ഞു, മലക്കേ, ഈ മലകൾ കൂട്ടിമുട്ടിച്ച് ഇവരെ ശിക്ഷിക്കാനാണ് അല്ലാഹു നിന്നെ നിയോഗിച്ചിട്ടുള്ളത്. അല്ലാഹുവിന്റെ കല്പനയാൽ ഇപ്രകാരം ഒരുപാട് നാടുകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. നന്ദികെട്ടവരായ ആ ജനങ്ങളെ മലകൾ മുഖേന ഭൂമിയിൽ കുഴിച്ചിട്ടു. പക്ഷേ, മലകളെ ജീവസന്ധാരണത്തിന്റെ മാർഗ്ഗവും അല്ലാഹു ആക്കിയിരിക്കുന്നു. അതുകൊണ്ട് ഞാൻ പ്രതീക്ഷിക്കുന്നത് ഞാൻ മുഖേന അല്ലാഹു വർഷിച്ചുകൊണ്ടിരിക്കുന്ന ഈ ആത്മീയതയുടെ മഴ, എന്നിലൂടെ വെളിപെടുന്ന അനുഗ്രഹങ്ങൾ ഇത് ഇവരുടെ പരിഷ്കരണത്തിന് കാരണമായിത്തീരുമെന്നാണ്. ഇവർ അല്ലെങ്കിൽ ഇവരുടെ തലമുറ ആത്മീയതയുടെ വിളവുകളായിരിക്കും. ലോകം സാക്ഷിയാണ്. അല്ലാഹുതആല തന്റെ പ്രിയപ്പെട്ടവന്റെ വാക്കുകളെ അന്വർത്ഥമാക്കിത്തീർത്തു. ആ മഹാത്മാവിന്റെ രക്തത്തിനുവേണ്ടി ദാഹിച്ചിരുന്നവർ കുറച്ചു വർഷങ്ങൾക്കുശേഷം അവിടത്തെ മടിത്തട്ടിലെത്തി. ആ മഹാത്മാവിനുവേണ്ടി സ്വന്തം ചോരയൊഴുക്കാൻ തയ്യാറായി. നബി(സ)യുടെ മാലിക്ക് എന്ന മഹനീയഗുണത്തിന്റെ അടിസ്ഥാനത്തിലുള്ള പെരുമാറ്റം ഇങ്ങനെയായിരുന്നു.

ഇക്കാലത്ത് അവിടത്തെ സത്യസന്ധനായ പ്രേമി ഹദ്റത്ത് അഹ്മദ്(അ)നോടും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിൽ പലതും പൂർത്തിയായത് നാം കണ്ടു. എന്നല്ല നിരന്തരം പൂർത്തിയാകുന്നത് നാം കണ്ടുകൊണ്ടിരിക്കുന്നുമുണ്ട്. തുടർന്നും ഇൻശാഅല്ലാഹ് കാണുന്നതാണ്. അവൻ സർവ്വാധിപതിയാണ്. അവൻ ഇന്ന് നബി(സ)തിരുമേനിയുടെ അനുഗ്രഹത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ലോകത്ത് വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇൻശാഅല്ലാഹ് ഇത് വ്യാപിക്കുകതന്നെ ചെയ്യും. ഇത് ഫലം കൊണ്ടുവരും. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും വിജയിപ്പിക്കും. അല്ലാഹു ഇൽഹാം മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അറിയിച്ചു. അല്ലാഹു പറയുന്നു: "ലോകത്ത് ഒരു താക്കീതുകാരൻ വന്നു. പക്ഷേ, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കും. ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യം വെളിപ്പെടുത്തുന്നതാണ്. സമീപഭാവിയിൽ അദ്ദേഹത്തിന് ഒരു വലിയ രാജ്യം നല്കപ്പെടും. ഖജനാവ് അദ്ദേഹത്തിന്റെമേൽ തുറക്കപ്പെടും."

ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ആവശ്യമുണ്ടായിരുന്ന ആ വലിയ രാജ്യം ഭൗതിക ഭരണങ്ങളല്ല. മറിച്ച്, ആത്മീയമായ ഭരണമാണ്. ആത്മീയമായ ഭരണം സ്ഥാപിക്കുന്നതിന് മുഴുലോകവും ആ മഹാത്മാവിന് നല്കപ്പെടും. അതിർത്തി നിർണ്ണയിക്കപ്പെടാത്ത രാജ്യമാണ് നല്കപ്പെടുന്നത്. അത് മുഴുലോകവുമാണ്. ആ മഹാത്മാവിന് നല്കപ്പെട്ട ആത്മീയഭണ്ഡാരം വിതരണം ചെയ്യപ്പെടുന്നു. ഇന്ന് ലോകത്തിന്റെ മുക്കിലും മൂലയിലും അത് എത്തുന്നു. സത്യമായ വാഗ്ദാനം ചെയ്യുന്ന അല്ലാഹുവാണ്, ആ വലിയ രാജ്യത്തിന്റെ വിജയത്തിലേക്ക് നമ്മെ കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിന്റെ അടയാളം കാണിച്ചുകൊണ്ടുമിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മറ്റൊരു ഇൽഹാമുണ്ടായി. അവിടന്ന് പറയുന്നു: പ്രതാപവാനായ അല്ലാഹു എനിക്ക് സന്തോഷവാർത്ത അറിയിച്ചു; അവൻ ചില ഭരണാധികാരികളേയും രാജാക്കന്മാരേയും നമ്മുടെ സംഘത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അവൻ എന്നോട് പറഞ്ഞു. ഞാൻ നിനക്ക് അനുഗ്രഹത്തിനുമേൽ അനുഗ്രഹം നല്കും. എത്രത്തോളമെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുന്നതാണ്. പറയുന്നു. ഈ അനുഗ്രഹം തേടുന്നവർ ബയ്അത്തിൽ പ്രവേശിക്കും. അവർ ബയ്അത്തിൽ പ്രവേശിക്കുന്നതുകൊണ്ട് ഭരണവും ആ ജനതയുടേതായിരിക്കും. പിന്നീട് ജാഗ്രദർശനത്തിൽ ആ രാജാക്കന്മാരും എനിക്ക് കാണിക്കപ്പെട്ടു. അവർ കുതിരപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ആറ്, ഏഴ് പേരിൽ കുറവല്ലായിരുന്നു അവർ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഇൽഹാമുകളിലൂടെയും ജാഗ്രദർശനങ്ങളിലൂടെയും സ്വപ്നങ്ങളിലൂടെയും അല്ലാഹു പല കാര്യങ്ങളും അറിയിച്ചു. അവയിൽ ഒരു ദർശനത്തെക്കുറിച്ച് ഞാൻ പറ

യാം. ഇത് ആ മഹാത്മാവിന്റെ അടുത്തിരുന്ന ആളും അനുഭവിച്ചറിഞ്ഞു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാനോർക്കുന്നു, ഭാവിയിൽ പുലരേണ്ടുന്ന, അല്ലാഹുവിന്റെ ചില കല്പനകൾ ഞാനെന്റെ സ്വന്തം കൈകൊണ്ട് എഴുതി അതിൽ ഒപ്പിടുവിക്കുന്നതിനായി സർവശക്തനും പ്രതാപവാനുമായ അല്ലാഹുവിന്റെ തിരുസന്നിധിയിൽ സമർപ്പിച്ചു. (ദൈവത്തിന്റെ സൗന്ദര്യപരമോ അല്ലെങ്കിൽ പ്രതാപപരമോ ആയ ചില മഹനീയഗുണങ്ങൾ ജാഗ്രദർശനങ്ങളിലും സത്സ്വപ്നങ്ങളിലും ദർശനം കാണുന്നവർക്ക് ഇങ്ങനെ കാണാൻ കഴിയുമെന്ന കാര്യം ഓർക്കേണ്ടതാണ്. ആലങ്കാരികമായ നിലയിൽ അവർ തന്നെയാണ് സർവശക്തനായ ദൈവം എന്നു കരുതുന്നു. ഇത് അനുഭവവേദ്യമായിട്ടുള്ളവർക്കറിയാം. ഇതിനെ അത്തരക്കാർ നിഷേധിക്കുകയില്ല.) അങ്ങനെ ആ കല്പനകൾ എഴുതിയ പുസ്തകം ഒപ്പിടുവിക്കുന്നതിനായി ദൈവത്തിന്റെ മുന്നിൽ സമർപ്പിച്ചു. ഒരു ഭരണാധികാരിയുടെ രൂപത്തിൽ ഇരിക്കുകയായിരുന്ന അവൻ തന്റെ പേന മഷിയിൽമുക്കി ആദ്യം ആ മഷി ഈ വിനീതനിലേക്ക് കുടഞ്ഞു. ആ പേനയുടെ അറ്റത്തുണ്ടായിരുന്ന ബാക്കി മഷികൊണ്ട് ആ ഗ്രന്ഥത്തിൽ ഒപ്പിട്ടു. അതിനോടൊപ്പംതന്നെ ഈ ജാഗ്രദർശനാവസ്ഥ നീങ്ങി. കണ്ണു തുറന്നുനോക്കിയപ്പോൾ തെറിച്ചുവീണ നിരവധി മഷിത്തുള്ളികൾ വസ്ത്രത്തിൽ പതിഞ്ഞിരിക്കുന്നത് കണ്ടു. പട്ടിയാലയിലെ സന്നൂർവാസിയായ അബ്ദുല്ലാഹ് എന്ന സാഹിബ് ആ നേരത്ത് എന്റെ അടുത്ത് ഇരിക്കുന്നുണ്ടായിരുന്നു. രണ്ടോ മൂന്നോ തുള്ളി അദ്ദേഹത്തിന്റെ തൊപ്പിയിലും പതിച്ചിരുന്നു. അങ്ങനെ ദർശനപരമായിരുന്ന ആ തുള്ളി ബാഹ്യരൂപം പ്രാപിച്ചത് കാണാൻ കഴിഞ്ഞു. ഇപ്രകാരം വേറെയും നിരവധി ജാഗ്രദർശനങ്ങൾ ഉണ്ടായിട്ടുണ്ട്."

അങ്ങനെ അല്ലാഹു കുടഞ്ഞ ആ മഷിത്തുള്ളികൾ ബാഹ്യമായിട്ടും കാണാൻ സാധിച്ചു. ഹുസൂറിന്റെ വസ്ത്രത്തിലും ഭിത്തിയിലും അബ്ദുല്ലാഹ് സാഹിബിന്റെ തൊപ്പിയിലും അത് പതിഞ്ഞിരുന്നു.

ഹദ്റത്ത് മൗലവി അബ്ദുല്ലാഹ് സനൗരി സാഹിബ്, ഇത് വിവരിച്ചുകൊണ്ട് പറയുന്നു. താൻ ഹുസൂറിന്റെ കാല് ഞെക്കുകയായിരുന്നു. അന്ന് റമളാൻ 27 ആയിരുന്നു. റമളാന്റെ അവസാനത്തെ പത്തുമായിരുന്നു. ജുമുഅ ദിവസമായിരുന്നു. ഇത് അനുഗൃഹീതവ്യക്തിയാണ്, അനുഗൃഹീത മാസമാണ്, അനുഗൃഹീത ദിവസമാണ്. എന്തെങ്കിലും അടയാളം കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് താൻ ആഗ്രഹിച്ച ഘട്ടത്തിലാണ് ഇതുണ്ടായതെന്ന് അദ്ദേഹം പറയുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശരീരം വിറയ്ക്കുന്നതും കണ്ണിൽനിന്ന് കണ്ണീർ ഒഴുകുന്നതും ഞാൻ കണ്ടു. എന്തോ തെറിച്ചുവീണതുപോലെ എനിക്കപ്പോൾ തോന്നി. അല്ലാഹുവിൽനിന്നുള്ള ആ തുള്ളികൾക്ക് എന്തെങ്കിലും സൗരഭ്യം ഉണ്ടോയെന്ന് നോക്കി. അങ്ങനെയൊന്നും അനുഭവപ്പെട്ടില്ല. പക്ഷേ, ആ മഷി പരന്നു. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അവിടന്നെഴുന്നേറ്റ് പള്ളിയിലേക്ക് പോയി. ഈ മഷി പതിഞ്ഞ ഖമീസ് ഞാൻ ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) താങ്കൾ മരിച്ചാൽ താങ്കളുടെ കൂടെ ഈ കുപ്പായം അടക്കം ചെയ്യണം എന്ന നിബന്ധനയോടുകൂടി അദ്ദേഹത്തിന് അത് നൽകി.

ഇതെല്ലാം എഴുതിയതിനുശേഷം അബ്ദുല്ലാഹ് സാഹിബ് പറയുന്നു. ഇതാണ് സത്യമായ സാക്ഷ്യം. ഞാൻ കളവാണ് പറയുന്നതെങ്കിൽ ***ലഅ്നത്തുല്ലാഹി അലൽ കാദിബീൻ*** എന്ന ശിക്ഷ എനിക്ക് മതിയായതാണ്. അല്ലാഹുവിനെ മുന്നിൽനിറുത്തിക്കൊണ്ട്, അവനെ സത്യം ചെയ്തുകൊണ്ട് ഞാൻ പറയുന്നു: ഞാനെഴുതിയത് അടിമുടി സത്യമാണ്. കളവാണെങ്കിൽ അല്ലാഹുവിന്റെ ശാപം. ശാപം. ശാപം. എന്നിൽ ഉണ്ടാകട്ടെ. എന്നിൽ അല്ലാഹുവിന്റെ കോപം കോപം കോപം ഉണ്ടാകട്ടെ. ഈ അടയാളം അല്ലാഹു അടുത്തിരുന്ന വേറൊരാൾക്കും കാണിച്ചുകൊടുത്തു എന്നതാണ് ഇതിന്റെ പ്രത്യേകത. ഞാൻ പറഞ്ഞതുപോലെ, അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാഗ്ദാനങ്ങൾ ഓരോ ദിവസവും പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു നാം അത് കാണുകയും ചെയ്യുന്നു. അല്ലാഹു ഇതുവരെ പൂർത്തിയാകാത്ത വാഗ്ദാനവും നമ്മുടെ ജീവിതത്തിൽ നമുക്ക് കാണുവാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മളും ഈ അധികാരിയുടെ മുമ്പിൽ പ്രണമിച്ചുകൊണ്ടിരിക്കുന്നവരായി തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 6.4.2007 at Baithulfutuh, London

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala